**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*390**

16.03.2017- മറുപടിയ്ക്ക്

## സിനിമാ തീയേറ്ററുകളിലെ നികുതി വെട്ടിപ്പ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൽദോ എബ്രഹാം<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീമതി ഗീതാ ഗോപി: | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടിക ജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) സംസ്ഥാനത്ത് സിനിമാ തീയേറ്ററുകളിൽ വ്യാപകമായി നികുതി വെട്ടിപ്പ് നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) സംസ്ഥാനത്തെ ചില തീയേറ്ററുകളിൽ അംഗീകൃത നിരക്കുകൾക്ക് പകരം കൂടുതൽ ടിക്കറ്റ് ചാർജ്ജ് ഈടാക്കുന്നതായും വിനോദ നികുതി, സെസ്സ് എന്നിവ കൃത്യമായി ഒടുക്കുന്നില്ല എന്നും ശ്രദ്ധയിൽ വന്നു. സാംസ്കാരിക ക്ഷേമനിധി ബോർഡ് ഇതു സംബന്ധിച്ച് ഒരു പരാതി വിജിലൻസിന് സമർപ്പിച്ചിട്ടുണ്ട്. |
| ബി) സാംസ്കാരിക ക്ഷേമബോർഡിന് സെസ് ഇനത്തിൽ നല്കുന്ന തുകയുടെ നിരക്ക് എത്രയാണെന്നും ആയത് കൃത്യമായി ബോർഡിൽ അടക്കുന്നുണ്ടോയെന്നും അറിയിക്കുമോ; | ബി) 25 രൂപയിൽ കൂടുതലുള്ള ടിക്കറ്റ് ഒന്നിന് 3 രൂപ എന്ന നിരക്കിലാണ് സാംസ്കാരിക ക്ഷേമനിധി ബോർഡിന് സെസ്സ് ഇനത്തിൽ നൽകുന്നത്. ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ഷേമനിധി ബോർഡിൽ കൃത്യമായി അടയ്ക്കുന്നുണ്ട്. |
| സി) പ്രേക്ഷകരിൽ നിന്ന് ഈടാക്കുന്ന വിനോദ നികുതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൃത്യമായി അടക്കുന്നില്ലെന്നും ആയതിൽ തിരിമറി നടക്കുന്നുവെന്നുമുള്ള പരാതികളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | സി) സംസ്ഥാനത്ത് നഗരപരിധിയിലുള്ള തീയേറ്ററുകളിൽ സ്ക്വാഡുകൾ രൂപീകരിച്ച് കർശന പരിശോധന നടത്തിവരുന്നു. നഗരസഭകളിലെ എല്ലാ വിഭാഗത്തിലുമുള്ള ജീവനക്കാരെ ചെക്കിംഗ് സൂപ്പർവൈസർ, ചെക്കിംഗ് ഓഫീസർ, ചെക്കിംഗ് അസിസ്റ്റന്റ് എന്നിങ്ങനെ സ്ക്വാഡുകളാക്കി തീയേറ്റർ പരിശോധനയ്ക്കായി നിയോഗിക്കാറുണ്ട്. കൂടാതെ തീയേറ്ററുകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് നഗരസഭകളിലെ ഉന്നത ഉദ്യോഗസ്ഥർ തീയേറ്ററുകളിൽ മിന്നൽ പരിശോധന നടത്താറുണ്ട്. വിനോദ നികുതി/സെസ്സ് പിരിവ് കുറ്റമറ്റരീതിയിൽ ശേഖരിക്കുന്നതിനായി സിനിമാ തീയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**